## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4749** **14.11.2019-ൽ മറുപടിക്ക്**

### മുനമ്പം-അഴീക്കോട് പാലത്തിന്റെ പ്രവർത്തന പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബിയിലുൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മുനമ്പം-അഴീക്കോട് പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | സ്ഥലം ഏറ്റെടുക്കലിനു മാത്രമായി 14.616 കോടി രൂപയുടെ കിഫ്ബി അനുമതി ലഭ്യമായിട്ടുണ്ട്. പാലത്തിനുവേണ്ട മിനിമം വെർട്ടിക്കൽ ക്ലിയറൻസ് 12 മീറ്ററും സ്പാൻ 40 മീറ്ററും ആയി ലഭ്യമായ പോർട്ട് ക്ലിയറൻസ് അനുസരിച്ച് റിവൈസ്ഡ് ടെൻന്റേറ്റീവ് ഡിസൈൻ പ്രകാരം തയ്യാറാക്കിയ 140.60 കോടി രൂപയുടെ എസ്റ്റിമേറ്റും ഡീറ്റേയിൽഡ് പ്രോജക്ട് റിപ്പോർട്ടും പാലം പ്രവൃത്തിക്കായുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേയ്ക്ക് 21/06/2019-ൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് ലഭ്യമായ റ്റി.എ.ആർ ൽ തീരദേശ ഹൈവേയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പാലത്തിന്റെ വീതി കൂട്ടുവാൻ (Carriage way width of 7.00m+2x1.50m shoulders + 1x2.00m wide cycle track+2x1.50 footpaths) ആവശ്യപ്പെടുകയും ആയത് പ്രകാരം ഡിസൈൻ പുതുക്കി ലഭ്യമാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിലേയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ മുനമ്പം ഭാഗത്തെ സാമൂഹ്യ പ്രത്യാഘാത പഠനം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് പാലം നിർമ്മാണത്തിന് അനുകൂലമായി തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. |

അഴീക്കോട് ഭാഗത്തെ പാരിസ്ഥിതിക ആഘാത പഠനവുമായി ബന്ധപ്പെട്ട ഫസ്റ്റ് പബ്ലിക് ഹിയറിംഗ് കൈപ്പമംഗലം എം.ൽ.എ.ഇ.ടി ടൈസൻ മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ 03/08/2019 ന് നടത്തി.

28/02/2018 ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം.358/2018/പൊ.മ.വ പ്രകാരം അഴീക്കോട് വില്ലേജിലെ 0.2405 ഹെ. (59.40 സെന്റ്) സ്ഥലവും 30/08/2019-ലെ സ.ഉ(സാധാ) നം.2404/2019/ആർ.ഡി പ്രകാരം കുഴുപ്പിള്ളി വില്ലേജിലെ 0.2099 ഹെ. സ്ഥലവും ഏറ്റെടുക്കുന്നതിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്.

മുനമ്പം ഭാഗത്തെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ വാല്യൂവേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചതിനു ശേഷവും പുതുക്കിയ ഡിസൈൻ ലഭ്യമായതിനു ശേഷവും മാത്രമേ പാലം പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ